# പതിമൂന്നാം കേരളനിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.281 — 21.12.2012-ൽ മറുപടിക്ക്.

## പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ മാറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.റ്റി.എ.റഹീം<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.കെ.സുരേഷ്കുറുപ്പ്<br>പ്രൊഫ.സി.രവീന്ദ്രനാഥ് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ: | (എ) ഉണ്ട്. 15.06.2012 ലെ സ.ഉ (എം.എസ്) നമ്പർ 168/12/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ മാറ്റങ്ങൾ ആവശ്യമാണെന്ന് വിവിധ തലങ്ങളിൽ നിന്ന് ആവശ്യം ഉയർന്നതിനെതുടർന്ന് സർക്കാർ അക്കാര്യം വിശദമായി പരിശോധിക്കുകയും 1.8.12 ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 2.1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച ഭേദഗതികളോടെ 18.8.2012 ലെ സ.ഉ(എം.എസ്) നമ്പർ 225/12/തസ്വഭവ നമ്പരായി മാർഗ്ഗ രേഖ പുതുക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പുതിയ ആസൂത്രണ മാർഗ്ഗരേഖയിലെ പോരായ്മകൾ ഏതെങ്കിലും തരത്തിൽ പദ്ധതി രൂപീകരണത്തെ ബാധിച്ചിട്ടുണ്ട് എന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | പുതിയ ആസൂത്രണ മാർഗ്ഗരേഖയിൽ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പദ്ധതി രൂപീകരണം ഇപ്പോൾ അവസാനഘട്ടത്തിലാണ്. |
| (സി) | മാർഗ്ഗരേഖ സംബന്ധിച്ച് ബന്ധപ്പെട്ടവർക്ക് പരിശീലനം നൽകുന്നതിന് വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് കരുതുന്നുണ്ടോ? | (സി) | മാർഗ്ഗരേഖ സംബന്ധിച്ചുള്ള പരിശീലനം നൽകുന്നതിൽ വീഴ്ച സംഭവിച്ചിട്ടില്ല. മാർഗ്ഗരേഖ സംബന്ധിച്ച് 37770 പേർക്ക് സമയബന്ധിതമായി പരിശീലനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ